# ഇന്ത്യയുടെ ആഭ്യന്തര മന്ത്രിയുടെ അരുണാചൽ പ്രദേശ് സന്ദർശനത്തെക്കുറിച്ചുള്ള ചൈനീസ് എംഎഫ്എയുടെ ഔദ്യോഗിക വക്താവിന്റെ അഭിപ്രായങ്ങളെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് ഔദ്യോഗിക വക്താവിന്റെ പ്രതികരണം

ഏപ്രിൽ 11, 2023

ഇന്ത്യയുടെ ആഭ്യന്തര മന്ത്രിയുടെ അരുണാചൽ പ്രദേശ് സന്ദർശനത്തെക്കുറിച്ചുള്ള ചൈനീസ് എം.എഫ്.എ.-യുടെ ഔദ്യോഗിക വക്താവിന്റെ അഭിപ്രായങ്ങളെക്കുറിച്ചുള്ള മാധ്യമങ്ങളുടെ ചോദ്യങ്ങൾക്ക് മറുപടിയായി, ഔദ്യോഗിക വക്താവ് ശ്രീ അരിന്ദം ബാഗ്ചി ഇപ്രകാരം പറഞ്ഞു:

"ചൈനീസ് ഔദ്യോഗിക വക്താവ് നടത്തിയ അഭിപ്രായങ്ങൾ ഞങ്ങൾ പൂർണ്ണമായും നിരസിക്കുന്നു. ഇന്ത്യയിലെ മറ്റേതൊരു സംസ്ഥാനത്തേയും പോലെ ഇന്ത്യൻ നേതാക്കൾ അരുണാചൽ പ്രദേശിലേക്ക് പതിവായി യാത്ര ചെയ്യാറുണ്ട്. അരുണാചൽ പ്രദേശ് അന്നും ഇന്നും എന്നും ഇന്ത്യയുടെ അവിഭാജ്യ ഭാഗമായി തുടരും. അത്തരം സന്ദർശനങ്ങളെ എതിർക്കുന്നത് യുക്തിക്ക് നിരക്കുന്നതല്ല, മുകളിൽ പറഞ്ഞ യാഥാർത്ഥ്യത്തെ മാറ്റുകയുമില്ല.

ന്യൂ ഡൽഹി

**ഏപ്രിൽ 11, 2023**